കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ബിറ്റുമെൻ പൊതുമേഖലാ എണ്ണക്കമ്പനികളോടൊപ്പം സിഡ്കോ മുഖേനയും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ)നം.1320/10/തസ്വഭവ തിരുവനന്തപുരം, തീയതി :16.04.2010.

---

പരാമർശം:-1.13.10.2008- ലെ സ.ഉ(എം.എസ്) നമ്പർ 275/08/തസ്വഭവ

2.18.06.09 - ലെ സ.ഉ.(എം.എസ്) നമ്പർ:111/09/തസ്വഭവ

3.സിഡ്കോ മാനേജിംഗ് ഡയറക്ടറുടെ 22.10.09 - ലെ സിഡ്കോ/പിഡി ടിഎം/ ബിറ്റുമെൻ നമ്പർ കത്ത്.

4.17.03.10 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ:1.7

## ഉത്തരവ്

10 ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിലെ പൊതുമേഖല എണ്ണകമ്പനികളിൽനിന്ന് മാത്രം ടാർ (ബിറ്റുമെൻ) നേരിട്ട് വാങ്ങുന്നതിന് പരാമർശം (1)ഉം(2)ഉം പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു.

(2) ഇത്തരത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്കാവശ്യമായ ബിറ്റുമെൻ വിതരണം ചെയ്യുന്നതിനുള്ള ഏജൻസിയായി പൊതുമേഖലാ എണ്ണക്കമ്പനികളോടൊപ്പം കേരളാചെറുകിട വ്യവസായ വികസനകോർപ്പറേഷനെ (സിഡ്കോയെ) കൂടി അംഗീകരിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുകയും ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സ്റ്റേറ്റ് പെർഫോമൻസ് ആഫീസറെ ചുമതലപ്പെടുത്തുകയും ടിയാന്റെ റിപ്പോർട്ട് 17.03.10- ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതലകോ-ഓർഡിനേഷൻ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുമുണ്ടായി.

(3) കോ-ഓർഡിനേഷൻ സമിതിയുടെ പരാമർശം (4) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെചേർത്തിട്ടുള്ള നിബന്ധനകൾ പ്രകാരം കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിലെ പൊതുമേഖലാ എണ്ണക്കമ്പനി കളോടൊപ്പം സിഡ്കോ മുഖേനയും ബിറ്റുമെൻ വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(എ)പൊതുമേഖലഎണ്ണകമ്പനികൾ നൽകുന്ന അതേ വിലയിൽ സിഡ്കോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ബിറ്റുമിൻ വിതരണം ചെയ്യേണ്ടതാണ്.

(ബി) എണ്ണകമ്പനികളിൽനിന്നും ബിറ്റുമെൻ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന കയറ്റുകൂലി സിഡ്കോ നൽകേണ്ടതാണ്.

(സി) ഇറക്കുമതി ചെയ്യുന്ന ബിറ്റുമിന് മെട്രിക് ടണ്ണിന് 350 രൂപ മുതൽ 400 രൂപ വരെ സിഡ്കോ, ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്.

(ഡി) ടെണ്ടർ വഴി നിശ്ചയിക്കുന്ന ട്രാൻസ്പോർട്ടേഷൻ കരാറുകാരന്റെ സേവനംതദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സിഡ്കോ ലഭ്യമാക്കേണ്ടതാണ്.

(ഇ) ബിറ്റുമെൻ വാങ്ങുമ്പോൾ സിഡ്കോ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന ബില്ലിൽ എണ്ണകമ്പനി സിഡ്കോയ്ക്ക് നൽകുന്ന ബില്ലിന്റെ റഫറൻസ് കൂടി കാണിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ബി.സരസ്വതി അമ്മ,
അഡീഷണൽസെക്രട്ടറി.

1. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ /മുനിസിപ്പൽസെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
4.. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
5..പ്രിൻസിപ്പൽസെക്രട്ടറി, ധനകാര്യവകുപ്പ്.
6..സെക്രട്ടറി, ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്
7.. മെമ്പർ സെക്രട്ടറി, സംസ്ഥാനആസൂത്രണ ബോർഡ്, തിരുവനന്തപുരം.
8.. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
9.. ഗ്രാമവികസനകമ്മീഷണർ,തിരുവനന്തപുരം
10.. നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
11.. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്, കൊട്ടാരക്കര
12.എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13. എക്സിക്യൂട്ടീവ് ചെയർമാൻആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
14.ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15.എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർ)മാർക്കും
16. എല്ലാ ദാരിദ്ര്യലഘൂകരണയൂണിറ്റ്പ്രോജക്ട് ഡയറക്ടർമാർക്കും
17.എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
20.എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാർക്കും
21. ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
22. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
23.സംസ്ഥാനഇൻഫർമേഷൻസൈറ്റ് ട്രസ്റ്റ്,റ്റി.സി25/2727(4),ലുക്സ് ലെയിൻ,പുളിമൂട്,തിരുവനന്തപുരം.(ബന്ധപ്പെട്ട എല്ലാവരേയും അറിയിക്കേണ്ടതാണ്)

24.മാനേജിംഗ് ഡയറക്ടർ,കേരളചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്,തിരുവനന്തപുരം

25.അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

26.ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ,തൃശ്ശൂർ

27.കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശ സ്വയംഭരണ ഡി.ബി/ ഡി.സി/ ഡി.ഡി/ സെക്ഷനുകൾക്ക്

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.